# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 294** — **23/01/2018-ൽ മറുപടിക്ക്**

## പകർച്ചപ്പനി നിയന്ത്രിക്കാൻ നടപടി

**ചോദ്യം**

**ശ്രീ.അബ്ദുൽ ഹമീദ് പി.**

**മറുപടി**

**ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പകർച്ചപ്പനി മൂലം ഈ വർഷം സംസ്ഥാനത്ത് മരണപ്പെട്ടവരുടെ എണ്ണമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) | പകർച്ചപ്പനി മൂലം 2017-ൽ മരണപ്പെട്ടവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| ബി) | പകർച്ചപ്പനി നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ബി) | 2017-ൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ഒരു വർഷം നീണ്ടുനിൽക്കുന്ന കർമ്മപദ്ധതി തയ്യാറാക്കി സംസ്ഥാന ജില്ലാതലങ്ങളിൽ നടപ്പിലാക്കി. മാർച്ച് മാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും, തുടർന്ന് ആരോഗ്യവകുപ്പും ശുചിത്വമിഷനും ചേർന്ന് നടപ്പിലാക്കുകയും ചെയ്തു. അതോടൊപ്പം ഇതര വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലും യോഗം ചേരുകയുണ്ടായി. തുടർന്ന് വിവിധ തലങ്ങളിൽ ആരോഗ്യവകുപ്പുദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനങ്ങളും നടത്തുകയുണ്ടായി. പകർച്ചവ്യാധികൾ കൂടുതൽ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ചും നഗരപ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേക യോഗങ്ങളും നടത്തുകയുണ്ടായി.<br><br>ഇതുകൂടാതെ പകർച്ചവ്യാധി പ്രതിരോധത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനുള്ള ബോധവൽക്കരണത്തിനും പ്രതിരോധ പ്രവർത്തന കാംപെയിനുകൾ മാർച്ച് മാസം മുതൽ നടപ്പിലാക്കി. മാർച്ച് മാസം എല്ലാ ജില്ലകളിലും ആരോഗ്യ സന്ദേശയാത്ര നടത്തി. ഏപ്രിലിൽ കൊതുകിന്റെ പ്രധാന |

➡

ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും നീക്കം ചെയ്യുന്ന ക്യാംപെയിനും പ്ലാന്റേഷനുകളിൽ കൊതുകുറവിട നശീകരണ ക്യാംപെയിനും നടത്തി. മെയ് മാസം ജലശുചീകരണ കാംപെയിനും ക്ലീൻ ഓഫീസ് ക്ലീൻ പബ്ലിക് പ്ലേസ് ക്യാംപെയിനും നടത്തി. ഇതു കൂടാതെ ഏപ്രിൽ, മെയ് മാസങ്ങളിൽ ഹെൽത്തി കേരളാ പരിശോധനകളിൽ പകർച്ചവ്യാധി സാഹചര്യങ്ങൾ സൃഷ്ടിച്ചവർക്കെതിരെ പൊതുജനാരോഗ്യ നിയമപ്രകാരം ആവശ്യമായ നടപടികളും സ്വീകരിച്ചു.

മെയ്, ജൂൺ മാസങ്ങളിൽ പകർച്ചവ്യാധികൾ കൂടുതലായി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലും ആരോഗ്യ-മന്ത്രിയുടെ അധ്യക്ഷതയിലും യോഗങ്ങൾ ചേർന്നതിന്റെ അടിസ്ഥാനത്തിൽ ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി.

ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാർ, മറ്റ് സ്റ്റാഫ്, മരുന്ന്, അനുബന്ധ സാധനങ്ങൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കുകയും പനി വാർഡ്, പനി ക്ലിനിക്ക്, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ സജ്ജീകരിക്കുകയും ചെയ്തു.ഒ.പി. സമയം വർദ്ധിപ്പിച്ചു.

സംസ്ഥാനതലത്തിലും ജില്ലാ-തലങ്ങളിലും പകർച്ചവ്യാധി നിരീക്ഷണ സെല്ലുകൾ (മോണിറ്ററിംഗ് സെൽ) രൂപീകരിച്ച് ദിവസേനയെന്നോണമുള്ള രോഗ വിവരങ്ങളും നിയന്ത്രണ-പ്രവർത്തനങ്ങളും വിശകലനം ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചു.

മേയിലും, ജൂണിലും, ഒക്ടോബറിലും സംസ്ഥാനതല ദ്രുതകർമ്മസേന യോഗം ചേർന്ന് പകർച്ചവ്യാധി സ്ഥിതിഗതികൾ ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിച്ചു.

പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ ഊർജ്ജിതനിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

കൊതുകുജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ സംയോജിത കൊതുകു-നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി.

ബോധവൽക്കരണത്തിന് വിവിധതരം പകർച്ചവ്യാധികൾ സംബന്ധിച്ച കൈപ്പുസ്തകങ്ങൾ ആറ് തരം (36000), ഡെങ്കി, മലേറിയ, ലെപ്റ്റോ, കെ.എഫ്.ഡി,

സിക്കാ വൈറസ്, പനി മുതലായവ സംബന്ധിച്ച ലഘുലേഖകൾ 50000 വീതം (3 ലക്ഷം), ടേബിൾ ടോപ്പ് കലണ്ടർ (3000), ഭിത്തിയിൽ തൂക്കാവുന്ന കലണ്ടറുകൾ, (ഡെങ്കി, മലമ്പനി, എച്ച്1 എൻ1, ലെപ്റ്റോ, സ്ക്രബ് ടൈഫസ്, മലേറിയ) (12000) തുടങ്ങിയവ സംസ്ഥാനതലത്തിൽ തയ്യാറാക്കി. കൂടാതെ ജില്ലാതലങ്ങളിലും ബോധവൽക്കരണ ഉപാധികൾ തയ്യാറാക്കിയിരുന്നു.

ഇതുകൂടാതെ ടി.വി/റേഡിയോ സംഭാഷണങ്ങൾ, എഫ്.എം. റേഡിയോ സന്ദേശങ്ങൾ, റയിൽവേ സ്റ്റേഷൻ അനൗൺസ്മെന്റ്, പത്രപരസ്യങ്ങൾ, വീഡിയോ, സി.ഡി, സിനിമാ സ്ലൈഡ്, സോഷ്യൽ മീഡിയ വഴിയുള്ള സന്ദേശങ്ങൾ തുടങ്ങിയവയും തയ്യാറാക്കി ബോധവൽക്കരണം കാര്യക്ഷമമാക്കി.

ചികിത്സാ മാർഗ്ഗരേഖകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കി.

റാപ്പിഡ് റസ്പോൺസ് ടീം (ദ്രുതകർമ്മ സേന) (ആർ.ആർ.റ്റി) വിവിധ തലങ്ങളിൽ രൂപീകരിച്ച് യോഗങ്ങൾ, രോഗം പൊട്ടിപ്പുറപ്പെടുമ്പോൾ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയവ നടത്തി.

സംസ്ഥാനതലത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ, സംസ്ഥാന പൊതുജനാരോഗ്യ ടീമംഗങ്ങൾ എന്നിവരെ കൂടാതെ മെഡിക്കൽ കോളേജിലെ മെഡിസിൻ, ശിശുരോഗവിഭാഗം, കമ്മ്യൂണിറ്റി മെഡിസിൻ, മൈക്രോബയോളജി വിഭാഗങ്ങളുടെ തലവന്മാർ, ഐ.എം.എ.(ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ), കെ.ജി.എം.ഒ.എ (കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ) തുടങ്ങിയ മെഡിക്കൽ അസോസിയേഷൻ പ്രതിനിധികൾ, സ്റ്റേറ്റ് പി.എച്ച് ലാബ് ഡയറക്ടർ, ആനിമൽ ഹസ്ബന്ററി വകുപ്പ് പ്രതിനിധി, ഹോമിയോ/ ആയുർവേദം തുടങ്ങി ഇതര ചികിത്സാ വിഭാഗങ്ങളുടെ തലവന്മാർ തുടങ്ങിയവർ അംഗങ്ങളാണ്.

ജില്ലാതലത്തിൽ ഡി.എം.ഒ, ഡി.പി.എം, മറ്റ് ജില്ലാ തല പ്രോഗ്രാം ഓഫീസർമാർ, അതാത് മെഡിക്കൽ കോളേജുകളിലെ മെഡിസിൻ/ പീഡിയാട്രിക്സ്/ കമ്മ്യൂണിറ്റി മെഡിസിൻ / മൈക്രോബയോളജി വിഭാഗം തലവൻ

അല്ലെങ്കിൽ ജില്ലാ/ജനറൽ ആശുപത്രി ഫിസിഷ്യൻ, പീഡിയാട്രീഷ്യൻ / പബ്ലിക് ഹെൽത്ത് ലാബിലെ മൈക്രോ-ബയോളജിസ്റ്റ്, മെഡിക്കൽ അസോസിയേഷൻ ജില്ലാതല പ്രതിനിധികൾ ഇതര ചികിത്സാ വിഭാഗങ്ങളുടെ ജില്ലാതലവന്മാർ തുടങ്ങിയവർ അംഗങ്ങളായിരിക്കും.

ബ്ലോക്ക് തലത്തിൽ ബ്ലോക്ക് എം.ഒ - യെ കൂടാതെ പി.എച്ച്.സി - യിലെ മറ്റ് ഡോക്ടർമാർ, ഹെൽത്ത് സൂപ്പർവൈസർ തുടങ്ങിയവരാണ് അംഗങ്ങൾ.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജിനും ഹെൽത്ത് ഇൻസ്പെക്ടർക്കുമാണ് റാപ്പിഡ് റെസ്പോൺസ് ടീമിന്റെ ചുമതല.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## Confirmed Death due to Communicable diseases(Fever) in 2017

| District | Fever | Dengue | Lepto | Malaria | Hepatitis-A | JE | H1N1 | Scrub Typhus | KFD |
|---|---|---|---|---|---|---|---|---|---|
| TVM | 37 | 13 | 5 | 1 | 1 | - | 6 | 3 | - |
| KLM | 13 | 9 | 2 | - | 1 | - | 16 | - | - |
| PTA | 1 | 1 | - | 1 | 1 | - | 6 | - | - |
| IDK | 1 | - | - | - | - | - | 1 | - | - |
| KTM | 16 | - | - | - | 2 | - | 2 | - | - |
| ALP | - | 1 | 1 | - | - | - | - | - | - |
| EKM | 4 | - | - | 1 | - | - | 7 | - | - |
| TSR | 5 | 3 | 4 | - | 1 | - | 5 | 1 | - |
| PKD | 2 | 3 | 3 | - | - | - | 10 | - | - |
| MLP | 26 | 2 | - | - | 1 | - | 7 | - | - |
| KKD | 3 | 5 | 1 | - | 1 | - | 6 | - | - |
| WYD | - | - | - | - | - | - | 2 | - | - |
| KNR | - | - | - | - | - | - | 3 | - | - |
| KSD | 2 | - | 1 | - | - | - | 4 | - | - |
| **Kerala** | **110** | **37** | **17** | **3** | **8** | **-** | **75** | **4** | **-** |

സെക്ഷൻ ഓഫീസർ